LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ. ജൂനിയർ അസിസ്റ്റന്റ് നിയമനം

141 (481) ശ്രീ. എം. പി. വിൻസന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സർവ്വീസിലുള്ളതു പോലെ, കെ.എസ്.എഫ്.ഇ. യിലെ താഴ്ന്ന വിഭാഗത്തിലുള്ള നിശ്ചിത ശതമാനം ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റായി നിയമനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രാജുവേറ്റ് ആയ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ജൂനിയർ അസിസ്റ്റന്റ് ആയി നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ.യിലെ ഓഫീസ് അറ്റൻഡന്റുമാരുടെ ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള തസ്തികമാറ്റ നിയമനത്തിന് അനുവദിച്ചിട്ടുള്ള കാറ്റഗറികളുടെ വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച് തയ്യാറാക്കിവരുന്ന സ്പെഷ്യൽ റൂൾ ഭേദഗതിക്ക വിധേയമായി 5%ൽ നിന്നും 10% ആയി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. നവീകരണ പാക്കേജ്

142 (482) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. സമർപ്പിച്ച നവീകരണ പാക്കേജ് പൂർണ്ണതോതിൽ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായിട്ടുണ്ടോ ; ഇല്ലെങ്കിൽ പാക്കേജിലെ ഏതെല്ലാം ഘടകങ്ങൾ അംഗീകരിക്കുകയുണ്ടായിട്ടില്ലെന്ന് വിശദമാക്കാമോ ?

(ബി) നവീകരണ പാക്കേജിന്റെ ഏതെല്ലാം ഭാഗങ്ങൾ അംഗീകരിക്കുകയുണ്ടായി ; ഇപ്രകാരം സർക്കാർ ഈ വർഷം കെ.എസ്.ആർ.ടി.സി.യ്ക്ക് ഓരോ മാസവും നൽകാൻ തീരുമാനിച്ച സഹായങ്ങൾ എന്തെല്ലാമാണ് ; ഇതിനകം നൽകിയിട്ടുള്ളത് എന്തെല്ലാമാണ്; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പൂർണ്ണതോതിൽ അംഗീകരിച്ചിട്ടില്ല. പെൻഷൻ ഫണ്ട് രൂപീകരണവുമായി ബന്ധപ്പെട്ട് 500 കോടി രൂപ 31-3-2014-ന് മുമ്പായി നൽകണമെന്ന നിർദ്ദേശവും, ആയതിന്റെ ആവർത്തന ചെലവിലേയ്ക്ക് അടുത്ത 12 വർഷത്തേയ്ക്ക് 480 കോടി രൂപ പ്രതിവർഷം നൽകണമെന്ന നിർദ്ദേശവും അംഗീകരിക്കുകയുണ്ടായില്ല.

(ബി) കെ.എസ്.ആർ.ടി.സി.യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 7-8-2014-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്ന് തീരുമാനിച്ചു.

1. പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിന് ആവശ്യമായ 480 കോടി രൂപയിൽ 240 കോടി രൂപ പ്രത്യേക സെസ്, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശപ്രകാരം കെട്ടിവയ്ക്കുന്ന 10% തുക എന്നിവയിൽ നിന്ന് കണ്ടെത്തണം. (പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി പെൻഷൻ ഫണ്ട് രൂപീകരിക്കുന്നതിലേയ്ക്കുവേണ്ടിവരുന്ന 480 കോടി രൂപയുടെ ആവർത്തന ചെലവിന്റെ 50%ത്തിൽ നിന്നും സെസ് വഴി ഈടാക്കുന്ന തുക കുറച്ചതിനുശേഷം വരുന്ന തുകയോ, 150 കോടി രൂപയോ ഏതാണോ കുറവ് അത് 2015-16 സാമ്പത്തിക വർഷം മുതൽ 12 വർഷത്തേയ്ക്ക് കെ.എസ്.ആർ.ടി.സി.ക്ക് നൽകാമെന്ന് അറിയിച്ചിട്ടുണ്ട്.)

2. കെ.എസ്.ആർ.ടി.സി.യുടെ ആസ്തി പുനർ മൂല്യനിർണ്ണയം 2-8-2014 നകം പൂർത്തിയാക്കണം.

3. കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള കടം കുറഞ്ഞ പലിശനിരക്കിൽ കൂടിയ കാലാവധിയിൽ മറ്റ് ധനകാര്യ സ്ഥാപനങ്ങളെക്കൊണ്ട് കോർപ്പറേഷന് ഗുണകരമായ രീതിയിൽ ഏറ്റെടുപ്പിക്കുന്ന നടപടി എത്രയുംവേഗം നടപ്പിലാക്കണം.

4. കെ.എസ്.ആർ.ടി.സി.ക്ക് കാലാകാലങ്ങളായി നൽകിയ കടം പുനരുദ്ധാരണ പദ്ധതി നടപ്പിലാകുന്ന മുറയ്ക്ക് മൂലധനമായി മാറ്റുന്നതാണ്.

5. കെ.എസ്.ആർ.ടി.സി.യിൽ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു.

6. നഷ്ടത്തിലുള്ള 2000 ഷെഡ്യൂളുകൾ ലാഭകരമായ രീതിലേയ്ക്ക് ഡിസംബർ 2014 നകം പുനഃക്രമീകരിക്കണം.

7. ജി.പി.എസ്., ജി.പി.ആർ.എസ്. സംവിധാനം ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം എന്നിവ എത്രയും വേഗം നടപ്പാക്കുക.

8. സൗജന്യ പാസുകളും, പെൻഷൻ പാസുകളും നിയന്ത്രിക്കുന്നത് സംബന്ധിച്ച് ആറുമാസത്തിനുള്ളിൽ തീരുമാനമെടുക്കുക.

9. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതടക്കമുള്ള ചെലവ് ചുരുക്കൽ നടപടികൾ നടപ്പിലാക്കുക.

10. വാഹനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് ആറുമാസത്തിനുള്ളിൽ സ്റ്റാഫ് ബസ് റേഷ്യോ കറച്ച് 5.5 ൽ എത്തിക്കുക.

11. വർക്ക്ഷോപ്പുകൾ ആധുനികവൽക്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുക.

12. അധിക വരുമാനം ലഭ്യമാക്കുന്നതിന് കൊറിയർ സർവ്വീസ്, പാഴ്സൽ സർവ്വീസ് തുടങ്ങിയവ ആരംഭിക്കണം.

13. കെ.എസ്.ആർ.ടി.സി.യുടെ പക്കലുള്ള അധികഭൂമി വരുമാനം ലഭിക്കുന്ന രീതിയിൽ ഉപയോഗിക്കാൻ എത്രയുംവേഗം പദ്ധതി തയ്യാറാക്കുക.

14. മേൽ തീരുമാനങ്ങൾ നടപ്പാക്കുന്നതിനൊപ്പം കെ.എസ്.ആർ.ടി.സി.യുടെ മൂലധന ചെലവിലേയ്ക്ക് 200 കോടി രൂപ സർക്കാർ നൽകുന്നതാണ്.

പുനരുദ്ധാരണ പാക്കേജുമായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സി.ക്ക് ഈ സാമ്പത്തിക വർഷം മാസംതോറും സഹായം നൽകാമെന്ന് തീരുമാനിച്ചിട്ടില്ല കെ.എസ്.ആർ.ടി.സി.ക്ക് നടപ്പു സാമ്പത്തിക വർഷം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിലായി ഇതുവരെ 209.85 കോടി രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly